(ബി) ടെയിനിംഗ് പാസ്സായവർ നില്ക്കുമ്പോൾ പാസ്സാകാത്തവക്ക് നിയമനം കൊടുക്കുവാനുണ്ടായ കാരണം എന്താണെന്ന പറയുമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇതിനെപ്പറ്റിയുള്ള പൂർണ്ണവിവരങ്ങൾ കിട്ടിക്കഴിഞ്ഞിട്ടില്ല.

(ബി) ടെയിനിംഗ് പാസ്സായ ചുരുക്കമാത്രമേ സാമാന്യമായി നിയമിക്കുക പതിവുള്ളൂ. ഒരേസമുദായത്തിലെതന്നെ അപേക്ഷകന്മാരിൽ ടെയിനിംഗ് പാസ്സായവർക്ക് മുൻഗണന നൽകുന്നുണ്ട്. എന്നാൽ ഉദ്യോഗവിതരണവിഷയത്തിൽ സമുദായപ്രാതിനിദ്ധ്യം പരിപാലിക്കേണ്ടതിലേക്ക് ചിലപ്പോൾ ടെയിനിംഗ് കഴിയാത്തവരെക്കൂടി ഗവൺമെണ്ട് സ്വീകരിൽ എടുക്കാവുന്നതാണ്.

ശ്രീ. കെ. ആർ. ഇലങ്കത്ത് : ബി. ടി. കോഴ്സിലേക്കുള്ള പ്രവേശനത്തിനും സമുദായപ്രാതിനിദ്ധ്യം നോക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ബി. ടി. ക്ക് ഗവൺമെണ്ടിൽനിന്നും കുറച്ചു വിദ്യാർത്ഥികളെമാത്രമേ തിരഞ്ഞെടുക്കാവുള്ളൂ. അതിൽ സമുദായപ്രാതിനിദ്ധ്യം നോക്കാറില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : കഴിഞ്ഞപ്രാവശ്യം ബി. ടി. കാക്ക് ഇൻറർവ്യൂവിന് മെമ്മോ കൊടുത്തു ഇൻറർവ്യൂ കഴിച്ചതിനുശേഷം നിയമനം നടത്തിയപ്പോൾ ബി. എ. കാക്ക് മുൻഗണന കൊടുത്തു എന്ന ഗവൺമെണ്ടിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അറിയാം. ഞാൻ ഇപ്പോൾ പറഞ്ഞ കാരണംകൊണ്ടുതന്നെയാണ് അങ്ങിനെ വേണ്ടിവന്നതു്.

ശ്രീ. സി. സി. പ്രസാദ് : സമുദായപ്രാതിനിദ്ധ്യം ശരിയായി പരിപാലിക്കുന്നതിനു് അടുത്ത കുറെക്കാലത്തേക്കു് നായന്മാരേയും ക്രിസ്ത്യാനികളേയും സ്വീസിൽ എടുക്കാതിരിക്കാൻ ഭയവുണ്ടാകുമോ?

Mr. Speaker: That is not a question.

മാവേലിക്കര താലൂക്കുകച്ചേരി

*വ. വ. (നം. 9) ശ്രീ. കെ. കുട്ടപ്പൻ : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ഇപ്പോൾ മാവേലിക്കര താലൂക്കുകച്ചേരിക്ക് ഉപയോഗിച്ചുവരുന്ന കെട്ടിടം ഗവൺമെണ്ടു വകയാണോ; അല്ലെങ്കിൽ കെട്ടിടഉടമസ്ഥനു് പ്രതിമാസം എത്ര വാടക കൊടുത്തുവരുന്നുണ്ടെന്നു് പറയുമോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ :) മാവേലിക്കര താലൂക്കുകച്ചേരി ഗവൺമെണ്ടുവക കെട്ടിടത്തിലാണ് ഇട്ടിരിക്കുന്നതു്. അതുകൊണ്ടു് വാടകയുടെ പ്രശ്നം ഉദിക്കുന്നില്ല.

LANDS TO EX-SERVICEMEN

‡ *823. [38] **Sri. K. Ramachandran :** Will the Hon'ble Minister for Revenue be pleased to state.—

(*a*) the extent of land made available to ex-service personnel under kuthakapattom during 1124 and 1125;

(*b*) the extent of land made available to political sufferers during the same period?

‡ The questioner being absent, Sri. P. C. Adichan put the question.

LIBRARY ARCHIVES Kerala Legislative Assembly